(ബി) ജനകീയ മത്സ്യകൃഷി പദ്ധതിപ്രകാരം ചെമ്മീൻ കർഷകർക്ക് സൗജന്യനിരക്കിൽ ചെമ്മീൻകുഞ്ഞുങ്ങളെ വിതരണം ചെയ്യുന്നുണ്ട്.

(സി) ഇല്ല.

(ഡി) ബാധകമല്ല.

(ഇ) ഇല്ല.

(എഫ്) ബാധകമല്ല.

(ജി) ചെമ്മീൻ കർഷകർക്ക് ബി.എഫ്.എഫ്.ഡി.എ.കളുടെ നേതൃത്വത്തിൽ വർഷംതോറും കർഷകപരിശീലന പരിപാടികൾ സംഘടിപ്പിച്ച് വിദഗ്ദ്ധ പരിശീലനം നല്കിവരുന്നുണ്ട്.

പ്രധാന റോഡുകളിലുള്ള പഴക്കം ചെന്ന പാലങ്ങളുടെ നിർമ്മാണം

26 (*416) ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ :
ശ്രീ. ഇസ്ഹാക് കുരിക്കൾ :
ശ്രീ. ചെർക്കളം അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ പ്രധാന റോഡുകളിലുള്ള പഴക്കം ചെന്നതും വീതിയില്ലാത്തതുമായ പാലങ്ങൾ പുതുക്കി പണിയുന്നത് സംബന്ധിച്ച് ഏതെങ്കിലും സർവ്വേ നടത്തിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എത്ര പാലങ്ങളാണുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) ഇവ പുതുക്കി പണിയുന്നതിന് എന്തു തുക വേണ്ടിവരും ;

(ഡി) ഈ പാലങ്ങളുടെ പണി പൂർത്തീകരിക്കാൻ എന്നത്തേയ്ക്ക് സാധിക്കും എന്ന് വെളിപ്പെടുത്തുമോ ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) :

(എ&ബി) കേരളത്തിൽ പഴക്കം ചെന്ന 157 പാലങ്ങളുണ്ടെന്ന് കണക്കാക്കിയിട്ടുണ്ട്.

(സി&ഡി) പുതുക്കിപ്പണിയേണ്ട അവസ്ഥയിലുള്ള പാലങ്ങളുടെ സർവ്വേ നടത്തി പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനുള്ള ജോലി റൈറ്റ്സ് എന്ന സ്ഥാപനത്തെ ഏല്പിക്കുന്നതിന് നടപടികൾ പൂർത്തിയാക്കിക്കൊണ്ടിരിക്കുകയാണ്.

സംസ്ഥാന ഹൗസിംഗ് ബോർഡിലെ കോൺട്രാക്ട് നിയമനങ്ങൾ

27 (*417) ശ്രീ. കെ. പി. വിശ്വനാഥൻ :
ശ്രീ. ജോർജ് ജെ. മാത്യൂ :
ശ്രീമതി റോസമ്മ ചാക്കോ :
ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാന ഹൗസിംഗ് ബോർഡിൽ കോൺട്രാക്ട് നിയമനങ്ങൾ നടത്തിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏതൊക്കെ തസ്തികകളിൽ എത്രവീതം നിയമനങ്ങൾ നടത്തിയെന്ന് വെളിപ്പെടുത്തുമോ ;

(സി) ഏതെല്ലാം തൊഴിൽ റിക്രൂട്ട്മെന്റ് ഏജൻസി വഴിയാണ് ഈ നിയമനങ്ങൾ നടത്തിയത് ;

(ഡി) ഇപ്രകാരം നിയമനം ലഭിച്ചവരുടെ ശമ്പളസ്കെയിൽ എത്ര വീതമാണ് ;

(ഇ) പി.എസ്.സി.യും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചും നിലവിലുള്ളപ്പോൾ സ്വകാര്യ ഏജൻസികൾ വഴി നിയമനങ്ങൾ നടത്തിയതിന് കാരണം വെളിപ്പെടുത്തുമോ ; ഇപ്രകാരം നിയമനം നടത്തുന്നത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ളവരെ പ്രതികൂലമായി ബാധിക്കുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എഫ്) പ്രസ്തുത നിയമനങ്ങളെക്കുറിച്ചന്വേഷിച്ച് കുറ്റക്കാർക്കെതിരെ നടപടിയെടുക്കുവാനും ഇപ്രകാരം നിയമനം ലഭിച്ചവരെ പിരിച്ചുവിടാനും നടപടി കൈക്കൊള്ളുമോ ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) :

(എ&ബി) കരാർ അടിസ്ഥാനത്തിൽ 3/6 മാസത്തേയ്ക്ക് നിയമനങ്ങൾ നടത്തിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം (1) ആയി ചേർത്തിട്ടുണ്ട്†.

(സി) തൊഴിൽ റിക്രൂട്ട്മെന്റ് ഏജൻസികളുടെ പേരു വിവരം അനുബന്ധമായി (2) ചേർത്തിട്ടുണ്ട്†.

(ഡി) കൺസോളിഡേറ്റഡ് പേയാണ് ഇവർക്ക് നൽകുന്നത് വിശദാംശം അനുബന്ധം (3) ആയി ചേർത്തിട്ടുണ്ട്†. ബോർഡ് ഹെഡ്ഓഫീസിൽ നിയമിച്ച അസിസ്റ്റന്റ് ആർക്കിടെക്റ്റ് തസ്തികയ്ക്ക് 7450-11475 രൂപ ശമ്പളസ്കെയിൽ നൽകിയിട്ടുണ്ട്.

(ഇ&എഫ്) ഇല്ല കരാർ അടിസ്ഥാനത്തിലുള്ള നിയമനങ്ങളായതിനാലാണ് പി.എസ്.സി.യും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമനം നടത്താതിരുന്നത്.

സർവവിജ്ഞാനകോശ ഇൻസ്റ്റിറ്റ്യൂട്ട് പ്രവർത്തനം

28 (*418) ശ്രീമതി രാധാരാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർവ്വവിജ്ഞാനകോശ ഇൻസ്റ്റിറ്റ്യൂട്ട് നിലവിൽ വന്നതെന്നാണ് ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെന്ന് വിശദമാക്കുമോ ;

---

† അനുബന്ധം V, V 'എ', V 'ബി'

LIBRARY ARCHIVES Kerala Legislative Assembly